# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 865 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ളത്തിന്റെ സ്വകാര്യവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള ഡ്രിങ്കിങ്ങ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡിന്റെ ഓഹരി ഘടനയും പ്രവർത്തനമേഖലയും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി തീയതി 31.12.2012 പ്രകാരം സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സർക്കാർ ഉത്തരവു പ്രകാരം കേരള സർക്കാറിന്റെ ഇക്വിറ്റി 26% വും (₹2.6 കോടി) കേരള വാട്ടർ അതോറിറ്റിയുടെ ഇക്വിറ്റി 23% വും ബാക്കിയുള്ളത് സ്വകാര്യ സെക്ടറുകളുടേതുമായി നിർദ്ദേശിച്ചിട്ടുണ്ട്.<br>ജലവിഭവ വകുപ്പു മന്ത്രി ചെയർമാനായുള്ള ഡയറക്ടർ ബോർഡിൽ പ്രിൻസിപ്പൽ സെക്രട്ടറി (ജലവിഭവം), സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (തദ്ദേശസ്വയംഭരണം), വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് (മാനേജിംഗ് ഡയറക്ടർ), വാട്ടർ അതോറിറ്റി ബോർഡ് നിർദ്ദേശിക്കുന്ന ഒരു സീനിയർ എഞ്ചിനീയർ എന്നിവർ അംഗങ്ങളും മൂന്ന് കോടിയിൽ കൂടുതൽ വിഹിതമുള്ള ഷെയർ ഹോൾഡർമാരും ഉണ്ടായിരിക്കുന്നതാണ്.<br>ഈ ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് ഉടനീളമുള്ള കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള വാട്ടർ ഫിൽട്ടറേഷനും ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ പ്ലാന്റുകളുടെ കൺസ്ട്രക്ഷനും, ഡെവലപ്പിംഗിനും, മെയിന്റനൻസിനും ഓപ്പറേഷനും വേണ്ടിയുള്ള ഒരു സിംഗിൾ നോഡൽ ഏജൻസിയാണ്. |
| (ബി) പ്രസ്തുത കമ്പനിക്കാവശ്യമായ ജലം എവിടെ നിന്ന്, എത്രമാത്രം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) ഇല്ല. |

| | |
|---|---|
| (സി) സംസ്ഥാനത്തെ നദികളും ഭൂഗർഭ ജലവും ശുദ്ധജല ത്തടാകങ്ങളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളിൽ നിന്നും ജലം ഊറ്റാൻ പ്രസ്തുത കമ്പനിക്ക് അനുവാദം നൽകിയി ട്ടുണ്ടോ; എങ്കിൽ വിശദമാ ക്കുമോ ; | (സി) ജലസ്രോതസ്സുകളുടെ കാര്യത്തിൽ തീരു-മാനമെടുത്തിട്ടില്ല. |
| (ഡി) പ്രകൃതി സമ്പത്തായ ജലം ഒരു വില്പനച്ചരക്കാക്കി സ്വകാര്യവൽക്കരിക്കാനുള്ള നയമാണോ പ്രസ്തുത കമ്പനിയിലൂടെ ഉദ്ദേശിക്കു ന്നതെകാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ? | (ഡി) സ്രോതസ്സുകളിന്മേൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ